2

# തിങ്കൾ

**മത്തായി 21:12-17; മർക്കൊസ് 11:12-19;**
**ലൂക്കൊസ് 19:45-48; യോഹന്നാൻ 12:20-50**

*"യേശു ദൈവാലയത്തിൽ ചെന്നു ദൈവാലയത്തിൽ വില്ക്കുന്നവരെയും കൊടുക്കുന്നവരെയും എല്ലാം പുറത്താക്കി... കുരുടന്മാരും മുടന്തന്മാരും ദൈവാലയത്തിൽ അവന്റെ അടുക്കൽ വന്നു, അവൻ അവരെ സൗഖ്യമാക്കി" (മത്തായി 21:12-14).*

യേശു ഇപ്പോൾ യെരുശലേമിൽ എത്തി. അവൻ ഒരിക്കലും ഒരു മാസികയുടെ കവർ പേജിൽ "മാൻ ഓഫ് ദ ഇയർ" ബഹുമതിയോ നോബൽ സമ്മാനമോ ലഭിക്കുകയില്ല, പക്ഷെ അവൻ നമ്മുടെ രക്ഷകനായിത്തീർന്നു! അവൻ കഴുതപ്പുറത്ത് കയറിവന്നു (സമാധാനത്തിന്റെ അടയാളം); അവൻ കുതിരപ്പുറത്ത് കയറിവന്നില്ല (യുദ്ധത്തിന്റെ അടയാളം). ശലോമോന്റെ കാലം മുതൽ, ഒരു രാജാവും കഴുതപ്പുറത്തു സഞ്ചരിച്ചിരുന്നില്ല (നോക്കുക 1 രാജാക്കന്മാർ 1:38).

പ്രശ്നം, എല്ലായ്പ്പോഴും പോലെ, അധികാരം ആയിരുന്നു. ആ ദിവസം, തിങ്കളാഴ്ച്ച, യേശു തന്റെ അധികാര പത്രം അവതരിപ്പിക്കും.

### യേശു ഒരു അത്തിയെ ശപിച്ചു

യേശുവിനു വിശന്നിരുന്നു. അവൻ ഇലയോടുകൂടിയ ഒരു അത്തി വൃക്ഷം കണ്ടു, എന്നാൽ അതിൽ ഫലം കാണായ്കയാൽ അവൻ നിരാശനായി. അവൻ ആ അത്തിയെ എന്നേക്കും ഇല്ലാതാക്കി (നോക്കുക മത്തായി 21:18-22; മർക്കൊസ് 11:12-14, 20-26). നമ്മുടെ മനസ്സിൽ നാം മെനഞ്ഞെടുത്ത യേശു അല്ല ഇത്. ഈ അവസരത്തിലെ അവന്റെ പ്രവൃത്തി തന്റെ ശുശ്രൂഷാ വേളയിൽ അവൻ ചെയ്ത രണ്ടു നിഷേധമായ (നാശകരമായ) അത്ഭുതങ്ങളിൽ ഒന്നു മാത്രമായിരുന്നു (നോക്കുക മത്തായി 8:28-34). അതു മനുഷ്യരെ അല്ല, പ്രകൃതിയെയാണ് നശിപ്പിച്ചത്. അപ്പൊസ്തലന്മാർ പഠിക്കേണ്ടതായ ഒരു പാഠമായിരുന്നു അവൻ നല്കിയത്. പാപം അഹങ്കാരവും കാപട്യവുമായിരുന്നു. അത്തി വൃക്ഷം ഫലം പുറപ്പെടുവിക്കുന്നു എന്ന തോന്നലുണ്ടാക്കി, പക്ഷെ വാസ്തവത്തിൽ ഇല്ലായിരുന്നു. യെഹൂദജനം ദൈവത്തിന്റേത് എന്നു

അവകാശപ്പെട്ടിരുന്നെങ്കിലും, അവർ അങ്ങനെ ആയിരുന്നില്ല. ദൈവം അവരെ വിളിക്കേണ്ടതിന്നു യെഹൂദന്മാർ താഴണമായിരുന്നു. പകരം, തങ്ങൾ ഉയർന്നവർ ആണെന്നും അജയ്യരാണെന്നും യെഹൂദന്മാർ വിചാരിച്ചു.

ആ അത്തി പെട്ടെന്നു ഉണങ്ങിപ്പോയപ്പോൾ പത്രൊസ് അത്ഭുതപ്പെട്ടു. എന്തുകൊണ്ട്? യേശു വെള്ളത്തിന്മീതെ നടക്കുന്നതും, രോഗികളെ സൗഖ്യമാക്കുന്നതും, മരിച്ചവരെ ഉയിർപ്പിക്കുന്നതും അപ്പൊസ്തലന്മാർ കണ്ടിട്ടുണ്ട്. എന്നിട്ടും, യേശു കല്പിച്ചപ്പോൾ അത്തി ഉണങ്ങിയതുകണ്ടു അപ്പൊസ്തലന്മാർ അമ്പരന്നു!

## യേശു ദൈവാലയത്തെ ശുദ്ധീകരിച്ചു

അടുത്തതായി, യേശു ദൈവാലയത്തിൽ ചെന്നു. മുഖവുര കൂടാതെ, അവൻ ഉപദേശിക്കുവാൻ തുടങ്ങി. ഒരു വശത്ത് അവൻ, കുരുടനു കാഴ്ച്ച കൊടുക്കയും മുടന്തനെ സൗഖ്യമാക്കുകയും ചെയ്തു (നോക്കുക മത്തായി 21:12-16; മർക്കൊസ് 11:15-18; ലൂക്കൊസ് 19:45-48). അവൻ ചെയ്ത അത്ഭുതങ്ങൾ മഹാപുരോഹിതന്മാരും ശാസ്ത്രിമാരും കണ്ടു (മത്തായി 21:15) തീർച്ചയായും അവന്റെ ദൈവികത്വത്തെ തിരിച്ചറിഞ്ഞിരുന്നു.

ദൈവാലയ സമുച്ചയം ആദരിക്കപ്പെടേണ്ടിയിരുന്നു, പക്ഷെ ആളുകൾ അതിനെ മോശമാക്കിയിരുന്നു! അവർ അതിനെ യെരുശലേമിലേക്കുള്ള എളുപ്പ വഴിയായി ഉപയോഗിച്ചു; അവർ ആ സ്ഥലത്തെ അവരുടെ ദുരാഗ്രഹത്തിനും അത്യാഗ്രഹത്തിനുമായി ഉപയോഗിച്ചു.

എബ്രായ ശേക്കെൽ ആയിട്ടായിരുന്നു യെഹൂദന്മാർ ദൈവാലയ നികുതി കൊടുക്കേണ്ടിയിരുന്നത്. യെരുശലേമിലേക്കു വരുന്നവർ നികുതി കൊടുക്കാൻ വേണ്ടി അവരുടെ റോമൻ ദിനാറോ അല്ലെങ്കിൽ ഗ്രീക്കുകാരുടെ ദ്രഹ്മയോ മാറ്റി ശേക്കൽ ആക്കണമായിരുന്നു. ഈ ആരാധനക്കാരുടെ പണം മാറ്റിക്കൊടുക്കുന്നതിന് പണം മാറ്റിക്കൊടുക്കുന്നവർ നല്ലൊരു സംഖ്യ ചുമത്തിയിരുന്നു.

യേശു ദൈവാലയം ശുദ്ധീകരിച്ചപ്പോൾ, അവൻ ആളുകളെ ആക്രമിച്ചില്ല, എന്നാൽ അവൻ അവരെ പുറത്താക്കി. അവൻ ഉപകരണങ്ങൾ എല്ലാം തൽസ്ഥാനത്താക്കി. അവൻ ബൈബിൾ ഉദ്ധരിച്ചു: "'എന്റെ ആലയം, പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും'; നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കി മാറ്റി" (മത്തായി 21:13; നോക്കുക യിരെമ്യാവു 7:11). അവൻ ഒരു ഭീരുവോ അല്ലെങ്കിൽ "സ്ത്രൈണ സ്വഭാവക്കാരനോ" ആയിരുന്നില്ല. അവൻ **"മനുഷ്യരിൽ ഒരു മനുഷ്യൻ"** ആയിരുന്നു. അവൻ ഭൗതികമായി മാത്രമല്ല ശക്തനായിരുന്നതു, എന്നാൽ അവൻ തിരുവെഴുത്തുകളെ ശക്തമായിട്ടാണ് ഉപയോഗിച്ചത്. അവന്റെ ഭാഷ ചൂണ്ടി കാണിക്കുന്നതും സത്യവുമായിരുന്നു.

## യേശു തന്റെ ഉപദേശം തുടർന്നു

ഇതിന്റെ എല്ലാം മദ്ധ്യേ, ഒരു കൂട്ടം ഗ്രീക്കുകാർ വന്നു, യേശുവിനെ കാണുവാൻ ആഗ്രഹിച്ചു (യോഹന്നാൻ 12:20-50).[1] യെഹൂദന്മാർ

അവനെ കൊല്ലുവാൻ ആഗ്രഹിച്ചപ്പോൾ, യവനന്മാർ അവനെ കേൾക്കുവാൻ ആഗ്രഹിച്ചു! ഫിലിപ്പൊസു എപ്പോഴും ആരെയെങ്കിലും യേശുവിന്റെ അടുക്കലേക്കു കൊണ്ടുവന്നിരുന്നു. അവൻ അന്ത്രെയോസിന്റെ കൂട്ടുകാരനായിരുന്നു, അവർ യേശുവിന്റെ അടുക്കൽ വന്നു. തന്റെ "നാഴിക" വന്നു എന്നു യേശു അറിഞ്ഞു എങ്കിലും, അവൻ തന്റെ മുഖ്യ സത്യങ്ങൾ ഉപദേശിച്ചുകൊണ്ടിരുന്നു. വിത്തു ചാകുന്നില്ല എങ്കിൽ ജീവിക്കയില്ല എന്നും തന്റെ ജീവനെ കണ്ടെത്തുന്നവർ അതിനെ കളയും എന്നും അവൻ ഉപദേശിച്ചു (യോഹന്നാൻ 12:21–26).

പിന്നെ യേശു അവിടെ കൂടി വന്ന മറ്റാളുകൾ കേൾക്കെ പറഞ്ഞു, "പിതാവേ, നിന്റെ നാമത്തെ മഹത്വപ്പെടുത്തേണമേ." അവന്റെ ജീവിത കാലയളവിൽ മൂന്നാമതും, സ്വർഗ്ഗത്തിൽ ഒരു ശബ്ദം സംസാരിച്ചു (യോഹന്നാൻ 12:28). ചിലർക്കു അതു ഇടിവെട്ടുന്നതായി തോന്നി, യേശുവിന്നു അതു ഒരു വിജയവാഗ്ദാനം ആയിരുന്നു. തന്റെ മരണത്താൽ സാത്താനെ പുറത്താക്കുന്ന ഒന്നായിരുന്നു. ആ സമയം യേശു പറഞ്ഞു, "ഞാൻ, ഭൂമിയിൽ നിന്നും ഉയിർത്തപ്പെട്ടാൽ, എല്ലാവരേയും എങ്കലേക്കു ആകർഷിക്കും" (യോഹന്നാൻ 12:32).

അത്ഭുതത്തോടുകൂടിയ ഈ മഹത്തായ ഉപദേശം നടത്തിയിട്ടു പോലും, മതപ്രമാണിമാർ അവനെ വിശ്വസിച്ചില്ല. യോഹന്നാൻ ഉപസം ഹരിച്ചു പറഞ്ഞു, "... അവർ ദൈവത്താലുള്ള മാനത്തേക്കാൾ, മനുഷ്യ രാലുള്ള മാനത്തെ അധികം സ്നേഹിച്ചു" (യോഹന്നാൻ 12:42, 43).

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

---

കുറിപ്പ്

[1]ഈ വിവരണം തിങ്കളാഴ്ച്ചയാണോ ചൊവ്വാഴ്ച്ചയാണോ നല്കിയത് എന്ന കാര്യത്തിൽ വ്യാഖ്യാതാക്കൾക്കിടയിൽ വിയോജിപ്പുണ്ട്. യോഹന്നാന്റെ സുവി ശേഷത്തിൽ ഞായറാഴ്ച്ചയിലെ വിജയ പ്രവേശനത്തിനും വെള്ളിയാഴ്ച്ചയിലെ അവസാനത്തെ അത്താഴത്തിനുമിടക്ക് സംഭവിച്ചത് ഇതു മാത്രമായിട്ടാണ് കാണു ന്നത്.

വിന്റെ അടുക്കൽ ഒരു അടവു ചോദ്യം ഉന്നയിച്ചു: "നികുതി കൊടു

© 2009 Truth for Today